DHANAM 2024 D-DAY
DHANAM BUSINESS SUMMIT & AWARD NITE 2024

ധനം BUSINESS MAGAZINE





ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ബിസിനസ് പഠിക്കാം, കൂടെ ശമ്പളവും

## ചെയ്യുന്ന ബിസിനസിനെ കുറിച്ച് നല്ല അറിവുണ്ടായിരിക്കുക എന്നതാണ് ബിസിനസ് വിജയിക്കാൻ അത്യാവശ്യം

വിജയകരമായ ഒരു സംരംഭം തുടങ്ങുന്നതിന് വിവിധ ഘടകങ്ങൾ ആവശ്യമാണെന്ന് മുൻ ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു. ചിത്രം ഒന്ന് കാണുക.

***Figure 1:***
***Ingredients for starting your first business successfully***




കഴിഞ്ഞ രണ്ട് ലക്കങ്ങളിലായി ഇവയിൽ സംരംഭക മനോഭാവം, ശരിയായ ഉൽപ്പന്നം/സേവനം, ശരിയായ വിപണി എന്നീ ഘടകങ്ങളെ കുറിച്ച് വിശദീകരിച്ചിരുന്നു.

### ജ്ഞാനം ഉണ്ടായിരിക്കുക

ബിസിനസിനെ കുറിച്ച് ആവശ്യമായ ജ്ഞാനം ഉണ്ടായിരിക്കുക എന്ന മൂന്നാമത്തെ ഘടകത്തെ കുറിച്ച് ഈ ലേഖനത്തിൽ വിശദമാക്കാം. നിങ്ങൾ



ശരിയായ ഉൽപ്പന്നം/സേവനം, ശരിയായ വിപണി എന്നിവ തിരഞ്ഞെടുത്തു കഴിഞ്ഞതിനു ശേഷം ഒരു പുതിയ ബിസിനസ് ആരംഭിക്കുമ്പോൾ ആവശ്യമായ പ്രധാനപ്പെട്ട ഒരു ഘടകമാണിത്.

തുടങ്ങാൻ പോകുന്ന ബിസിനസിനെ കുറിച്ച് അറിവുണ്ടായിരിക്കുക എന്നതാണ് ബിസിനസിന്റെ വിജയത്തിന് ഏറ്റവും അത്യാവശ്യമായ കാര്യം.

നിങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന ബിസിനസിന് സമാനമായ സ്ഥാപനം വിപണിയിൽ നിലവിലുണ്ടെങ്കിൽ ആ ബിസിനസിനെ കുറിച്ച് അറിയാനുള്ള ഏറ്റവും മികച്ച മാർഗം അവയിലേതെങ്കിലും സ്ഥാപനത്തിൽ കുറച്ചുകാലം പ്രവർത്തിക്കുക എന്നതാണ്. വിപണിയിൽ സമാനമായ ബിസിനസ് നിലവിലില്ലെങ്കിൽ അത്തരം ബിസിനസ് പ്രവർത്തിക്കുന്ന വിപണിയിലെത്തി അത്തരം സ്ഥാപനത്തിൽ പ്രവർത്തിക്കുകയും വേണം.

### ഏത് വിഭാഗത്തിൽ പ്രവർത്തിക്കണം

സമാനമായ ബിസിനസിന്റെ ഏത് വിഭാഗത്തിലാണ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നയാൾ പ്രവർത്തിക്കേണ്ടത്?

സ്ഥാപനത്തിന്റെ സെയ്ൽസ് വിഭാഗത്തിലായിരിക്കണം സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നയാൾ പ്രവർത്തിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. കാരണം ഒരു ബിസിനസിൽ ഏറ്റവും പ്രാധാന്യത്തോടെ പഠിക്കേണ്ട കാര്യം സെയ്ൽസ് ആണെന്നതു തന്നെ.

സെയ്ൽസ് വിഭാഗത്തിൽ പ്രവർത്തിക്കുമ്പോൾ ഉപഭോക്താക്കളുടെ ആവശ്യം, വില നിർണയം, ചെലവ്, വേണ്ടിവരുന്ന സമയം, സീസൺ മുതലായ കാര്യങ്ങളെ കുറിച്ച് മനസിലാക്കാനാകും. ആരംഭിക്കാനിരിക്കുന്ന ബിസിനസിന്റെ വിജയത്തിൽ ഈ ഘടകത്തിന്റെ പ്രാധാന്യത്തെ കുറിച്ച് എത്ര ഊന്നിപ്പറഞ്ഞാലും മതിയാവില്ല. ഒരാൾക്ക് ശമ്പളം വാങ്ങിക്കൊണ്ട് തന്റെ ഭാവി ബിസിനസിനെ കുറിച്ച് പഠിക്കാനുള്ള ഏക മാർഗമാണിത്. ദൗർഭാഗ്യവശാൽ, സംരംഭകരാകാൻ ആഗ്രഹിക്കുന്ന പലരും ബിസിനസ് തുടങ്ങുമ്പോൾ ഒഴിവാക്കുന്ന ഒരു കാര്യമാണിത്.

ആവശ്യമായ മൂലധനം എന്ന അവസാനത്തെ ഘടകത്തെ കുറിച്ച് അടുത്ത ലക്കത്തിൽ വിശദമാക്കാം. ■